ശ്രീ. അൻവർ സാദത്ത്: ....(മൈക്ക് ഓഫ്).... പ്രതിപക്ഷത്തിന് കൂടുതൽ സബ്മിഷനുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ലഭിക്കുന്നില്ല. ഇന്ന് 2 സബ്മിഷനുകൾ മാത്രമാണ് പ്രതിപക്ഷത്തിന് കിട്ടിയത്. സബ്മിഷനെന്നത് ആരുടെയും ഔദാര്യമല്ല, അത് അംഗങ്ങളുടെ അവകാശമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം. ഇന്ന് 8 സബ്മിഷനുകളാണ് എടുത്തിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: .....(മൈക്ക് ഓഫ്)..... പ്രതിപക്ഷത്തിന് കൂടുതൽ സബ്മിഷനുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകണം. പ്രതിപക്ഷാംഗങ്ങൾ എഴുതിക്കൊടുക്കുന്ന സബ്മിഷനുകളൊന്നും അനുവദിച്ചു തരുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം. ഒരു ദിവസം 10 സബ്മിഷനുകളാണ് എടുക്കുന്നത്. ഇന്ന് 8 എണ്ണമാണ് എടുത്തത്. ഒരു സബ്മിഷനാണ് അടിയന്തര പ്രമേയമായി മാറ്റിയത്.

ശ്രീ. പി. ടി. തോമസ്: ....(മൈക്ക് ഓഫ്).... ആ 8 എണ്ണത്തിൽ 2 എണ്ണം മാത്രമാണ് പ്രതിപക്ഷത്തിന് കിട്ടിയത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സഭയിലെ കീഴ്വഴക്കം അനുസരിച്ച് ഭരണകക്ഷിയാണെങ്കിലും പ്രതിക്ഷമാണെങ്കിലും മെമ്പർമാർക്ക് സബ്മിഷൻ equal ആയാണ് കൊടുക്കാറുള്ളത്. പ്രതിപക്ഷ നേതാവിന് അത് കൂടാതെയാണ് കൊടുക്കുന്നത്. പ്രതിപക്ഷ നേതാവ് എല്ലാ സമയത്തും സബ്മിഷൻ അവതരിപ്പിക്കാറില്ല. ഈ സഭയുടെ കീഴ്വഴക്കം അതാണ്. അങ്ങ് പരിശോധിക്കണം. ഇക്കാര്യം കഴിഞ്ഞ ദിവസം സ്പീക്കറോട് ഞാൻ നേരിട്ട് പറഞ്ഞതാണ്. അപ്പുറത്തും ഇപ്പുറത്തുമുള്ള മെമ്പർമാർക്ക് അവരവരുടെ മണ്ഡലങ്ങളിലെ ആവശ്യങ്ങൾ ഉന്നയിക്കാൻ സബ്മിഷനിലൂടെ മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ കാര്യങ്ങളിൽ കുറച്ചുകൂടി നീതി പ്രതിപക്ഷത്തോട് കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.